**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010
Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

**തീയതി: 18.06.2015**

# പത്രക്കുറിപ്പ്

കാറ്റ്, സൌരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നീ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും (റിന്യൂവബിൾഎനർജിസോഴ്സസ്) ഓരോവർഷവും, കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങേണ്ട വൈദ്യുതിയുടെ ഏറ്റവും കുറഞ്ഞ അളവ് കേന്ദ്രസർക്കാരിന്റെ പോളിസി അനുസരിച്ചും, കമ്മീഷന്റെ ചട്ടങ്ങൾ അനുസരിച്ചും നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനെ റിന്യൂവബിൾ എനർജി പർച്ചേസ് ഒബ്ലിഗേഷൻ എന്നാണ് അറിയപ്പെടുന്നത്. ഇതനുസരിച്ച് 2010-11 വർഷത്തിൽ ആകെ ഉപഭോഗത്തിന്റെ 2.75 ശതമാനം കാറ്റ്, ചെറുകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്സ്.ഇ.ബി.ലിമിറ്റഡ് വാങ്ങേണ്ടതാണ്. ഇത് 2011-12-ൽ 3.03 ശതമാനവും 2012-13-ൽ 3.3 ശതമാനമായും നിശ്ചയിച്ചിട്ടുണ്ട്. 2013-14 വർഷം കാറ്റ്, ചെറുകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും 3.58 ശതമാനവും, സോളാർ പ്രോജക്റ്റുകളിൽനിന്നും 0.25 ശതമാനവും വൈദ്യുതി കെ.എസ്.ഇ.ബി.ലിമിറ്റഡ് വാങ്ങാനാണ് കമ്മിഷൻ ഉത്തരവ് നൽകിയത്. ഇത്തരത്തിലുള്ള വൈദ്യുതി ഓരോ വർഷത്തെയും നിശ്ചയിക്കപ്പെട്ടിട്ടുള്ള ശതമാനം വാങ്ങിയിട്ടില്ല എങ്കിൽ കുറവുള്ളതിനു പകരമായി പവർ എക്സ്ചേഞ്ചുകളിൽനിന്നും റിന്യൂവൽ എനർജി സർട്ടിഫിക്കറ്റുകൾ വാങ്ങണം എന്നതാണ് വ്യവസ്ഥ. എന്നാൽ കഴിഞ്ഞ നാലുവർഷങ്ങളിൽ 43 ദശലക്ഷം യൂണിറ്റിന്റെ സോളാർ എനർജിയുടെ കുറവും 200 ദശലക്ഷം യൂണിറ്റ് സോളാർ അല്ലാത്ത സ്രോതസ്സുകളിൽനിന്നും എനർജിയുടെ കുറവും കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഉണ്ടായി. കുറവുവന്ന എനർജിയ്ക്ക് പകരമായി റിന്യൂവൽ എനർജി സർട്ടിഫിക്കറ്റ് പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് 125 കോടി രൂപ ഒരു പ്രത്യേക ഫണ്ടിൽ നിക്ഷേപിക്കണമെന്ന് കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ (റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ആൻറ് ഇറ്റ്സ് കോംപ്ലിയൻസ്) റഗുലേഷൻ 2010 പ്രകാരം സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തെ റിന്യൂവബിൾ എനർജി ഉൽപാദനം കുറവാണെന്നത് കണക്കിലെടുത്തും ഉയർന്ന നിരക്കിൽ റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതുമൂലം ഉപഭോക്താക്കളുടെ വൈദ്യുതിനിരക്കിലുണ്ടാകാവുന്ന വർദ്ധനവ് പരിഗണിച്ചും 125 കോടി രൂപ പ്രത്യേക ഫണ്ടിൽ നിക്ഷേപിക്കുന്നതിൽനിന്നും കെ.എസ്.ഇ.ബി.ലിമിറ്റഡിനെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ മുൻപാകെ പെറ്റിഷൻ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത പെറ്റിഷൻ ഈ മാസം 25-ന് (25.06.2015) കമ്മിഷൻ ഓഫീസിൽ വച്ച് രാവിലെ 11 മണിക്ക് ഹിയറിംഗ് നടത്തുന്നതാണ്. പൊതുജനങ്ങൾക്ക് പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിച്ച പെറ്റിഷന്റെ പൂർണ്ണരൂപം കമ്മിഷന്റെ kserc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**സെക്രട്ടറി.**